കേരള നിയമസഭാ നടപടികൾ

ആറാം കേരള നിയമസഭ

ഏഴാം സമ്മേളനം

1982 ഫെബ്രുവരി 9, ചൊവ്വ

വാല്യം LV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 1982 ഫെബ്രുവരി 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 00-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I ചരമോപചാരം

കേരള നിയമസഭയിൽ അംഗങ്ങളായിരുന്ന ശ്രീ. കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, ശ്രീ. ടി. എ. ധർമ്മരാജയ്യർ, തിരുവിതാംകൂർ കൊച്ചി നിയമ സഭയിൽ അംഗമായിരുന്ന ശ്രീ. കെ. സി. എം. മേത്തർ എന്നിവർ ഈ അടുത്ത കാലത്ത് നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കു മല്ലോ.

ഗാന്ധിയൻ ആദർശങ്ങളെ ജീവിതചര്യയാക്കി മാറ്റിയ സമുന്നതനായ ഒരു സാമൂഹ്യപരിഷ്കർത്താവായിരുന്നു ശ്രീ. കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്. നമ്മുടെ സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പടയാളികളിലൊരാ ളായിരുന്ന അദ്ദേഹം ഹൈസ്ക്കൂളിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് സ്വാതന്ത്ര്യ സമരപ്രസ്ഥാനവുമായി ബന്ധപ്പെട്ടത്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ പല ഘട്ടങ്ങളിലായി നിരവധി തവണ അദ്ദേഹ ത്തിന് ജയിൽ വാസം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്.

ബ്രാഹ്മണ സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ ധീരമായി ശബ്ദ മുയർത്തിയ അദ്ദേഹം വൈക്കം സത്യാഗ്രഹം, ഉപ്പുസത്യാഗ്രഹം, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം എന്നിവയിലെല്ലാം സജീവമായി പങ്കെടുത്തിരുന്നു. 1932 വരെ പത്തുവർഷം എ. ഐ. സി. സി. അംഗമായിരുന്ന ശ്രീ. കുറൂർ തൃശ്ശൂർ ഡി. സി. സി. പ്രസിഡൻറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1927-ൽ മാതൃ ഭൂമി കമ്പനി രജിസ്റ്റർ ചെയ്തതു മുതൽ 1956 വരെ അദ്ദേഹം അതിന്റെ മാനേജിംഗ് ഡയറക്ടറായും അതിനുശേഷം അതിന്റെ പ്രസാധകനായും പ്രശക്തമായ നിലയിൽ പ്രവർത്തിച്ചിരുന്നു. മാതൃഭൂമി പബ്ലിഷിംഗ് കമ്പനിയുടെയും വിശിഷ്യാ മാതൃഭൂമി ദിനപത്രത്തിന്റെയും ഇന്നത്തെ വളർച്ചയിൽ അദ്ദേഹം അനുഷ്ഠിച്ച സേവനങ്ങൾ എക്കാലവും സ്മരിക്ക പ്പെടും. 1960 മുതൽ 1964 വരെ കേരള നിയമസഭയിൽ അംഗമായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം സാമൂഹ്യ പരിഷ്ക്കരണത്തിനുവേണ്ടിയുള്ള എല്ലാ നിയമനിർമ്മാണ സംരംഭങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ വേർപാട് നമ്മുടെ രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ നികത്താനാവാത്ത വിടവ് സൃഷ്ടിച്ചിരിക്കുകയാണ്.

ശ്രീ. ധർമ്മരാജയ്യർ ഒരു കോൺഗ്രസ് പ്രവർത്തകനായിട്ടാണ് തന്റെ രാഷ്ട്രീയ ജീവിതം ആരംഭിച്ചത്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് അദ്ദേഹം പലപ്രാവശ്യം അറസ്റ്റു വരിച്ചിട്ടുണ്ട്. തൃശ്ശൂർ നഗരത്തിന്റെ ഇന്നത്തെ വളർച്ചയിൽ അദ്ദേഹംവഹിച്ച പങ്കും അനുഷ്ഠിച്ച സേവനങ്ങളും ഒരിക്കലും മറക്കാനാവില്ല. ഒരു നല്ല സ്പോർട്ട്സ്മാൻ ആയിരുന്ന അദ്ദേഹം നിരവധി ടീമുകളിൽ കൊച്ചി സംസ്ഥാനത്തെ പ്രതിനിധീകരിച്ചിട്ടുണ്ട്. 1960 മുതൽ 1964 വരെ കേരള നിയമസഭയിൽ അദ്ദേഹം അംഗമായിരുന്നു. ശ്രീ. ധർമ്മരാജയ്യരുടെ നിര്യാണം മൂലം കുറപുരളാത്ത ഒരു രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകനെയാണ് നമുക്ക് നഷ്ടപ്പെട്ടത്.

സ്വാതന്ത്ര്യസമരസേനാനിയും കേരളത്തിലെ ആദ്യകാല കോൺഗ്രസ് പ്രവർത്തകരിൽ ഒരാളുമായിരുന്നു ശ്രീ. കെ. സി. എം. മേത്തർ. ചെറുപ്പം മുതലേ ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്ന അദ്ദേഹം അവിഭക്ത കെ. പി. സി. സി.യുടെ ഖജാൻജിയും എ. ഐ. സി. സി. അംഗവുമായിരുന്നിട്ടുണ്ട്. പൊതുജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന് താൻ പ്രവർത്തിച്ച എല്ലാ രംഗങ്ങളിലും സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കുവാൻ അനായാസം കഴിഞ്ഞിരുന്നു. ഒരു വ്യവസായി എന്ന നിലയിൽ പരക്കെ അറിയപ്പെട്ടിരുന്ന അദ്ദേഹത്തിന് ദേശീയ ജീവിതത്തിന്റെ മുഖ്യധാരയുമായി ഇഴുകിച്ചേരുന്നതിന് അല്പംപോലും പ്രയാസമുണ്ടായില്ല.

കൊച്ചി നിയമസഭയിലും തുടർന്ന് തിരുവിതാംകൂർ കൊച്ചി നിയമസഭയിലും അദ്ദേഹം അംഗമായിരുന്നു. 1965-ൽ കൊടുങ്ങല്ലൂരിൽ നിന്ന് കേരള നിയമസഭയിലേയ്ക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ് പിളർന്നപ്പോൾ സംഘടനാ കോൺഗ്രസിൽ ചേർന്ന അദ്ദേഹം പിന്നീട് ജനതാപാർട്ടിയുടെ സജീവ പ്രവർത്തകനായി മാറി. കേരളത്തിലെ മദ്യ വർജ്ജന പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കളിൽ ഒരാളായിരുന്നു ശ്രീ. മേത്തർ. കേരളത്തിലെ പൊതുപ്രസ്ഥാനങ്ങൾക്ക് നിർല്ലോഭമായ സഹായസഹകരണങ്ങൾ നൽകിയിട്ടുള്ള ശ്രീ. മേത്തർക്ക് കക്ഷിരാഷ്ട്രീയത്തിനതീതമായ വലിയ ഒരു സുഹൃത്ത്വലയം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ വേർപാട് നമ്മുടെ പൊതുജീവിതത്തിന് ഒരു തീരാനഷ്ടമാണ്.

ഈ മഹത്വ്യക്തികളുടെ ദേഹവിയോഗത്തിൽ ഈ സഭയ്ക്കുള്ള അനുശോചനം രേഖപ്പെടുത്തുവാൻ നമുക്ക് അല്പസമയം എഴുന്നേറുനിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ രണ്ടു മിന്നിറുനേരം എഴുന്നേറു നിന്ന് മൗനം ആചരിച്ചു.)

ശ്രീ. സി. എ. കുര്യൻ : സർ, കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശാനുസരണം കേന്ദ്ര ആഭ്യന്തരവകുപ്പു എല്ലാ സംസ്ഥാനങ്ങളിലും പണിമുടക്കുന്ന തൊഴിലാളികളെ വിചാരണ കൂടാതെ അറസ്റ്റ് ചെയ്യുന്നതിനും തടവിലാക്കുന്നതിനും ഉദ്ദേശിക്കുന്നതായി അറിയുന്നു..... അതിനെക്കുറിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം എന്താണ് ? ശ്രീമാൻ ഉമ്മൻ ചാണ്ടിയ്ക്ക് കഴിഞ്ഞകാലത്തുണ്ടായിരുന്ന അഭിപ്രായം തന്നെയാണോ ഇപ്പോഴും ഉള്ളതെന്ന് വ്യക്തമാക്കിയാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ അവിടെ ഇരിക്കണം.

II നന്ദിപ്രമേയ ചർച്ച

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ

(ബഹളം)

ഇന്നത്തെ പത്രത്തിലും ഈ സഭയിൽ ഗവൺമെന്റിന് 71 പേരുടെ ഭൂരിപക്ഷമുണ്ടെന്ന് അവർ അവകാശവാദം ഉന്നയിക്കുന്നു. അത് നിയമ ദൃഷ്ട്യാ പോയിന്റോഫ് ഓർഡർ ആയിട്ടാണ് ഞാൻ ഉന്നയിക്കുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർക്ക് അത്തരം കാര്യങ്ങൾ പ്രസംഗത്തിൽ സൂചിപ്പിക്കാം.

(ബഹളം)

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ ഭരണഘടന 189-ാം വകുപ്പ് നോക്കുന്നു സർ.

All questions at any sitting a House of the Legislature of a State shall be determined by a majority of votes of the Members present at the voting.....

മി. സ്പീക്കർ : അതിനെക്കുറിച്ച്.....

ശ്രീ. വർക്കല രാധാകൃഷ്ണൻ : ആ മോഷൻ തീരുമാനിക്കുന്നത് സഭയിലുള്ള അംഗങ്ങളുടെ വോട്ടും അതിന്റെ മെജാർട്ടിയും അനുസരിച്ചാണ്. സ്പീക്കറുടെ കാസ്റ്റിംഗ് വോട്ട്.....

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഇതനുവദിക്കാൻ പാടില്ല. പോയിന്റ് ഓഫ് ഓർഡറല്ല.

(ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട രാധാകൃഷ്ണൻ അവിടെ ഇരിക്കണം. ബഹുമാനപ്പെട്ട മെമ്പർ കാസ്റ്റിംഗ് വോട്ടിനെയോ അതുപോലുള്ള കാര്യങ്ങളെയോ കുറിച്ചാണ് സംസാരിക്കുന്നതെങ്കിൽ അതിനെക്കുറിച്ച് സംസാരിക്കാൻ പാടില്ലെന്നുള്ളതുകൊണ്ട് പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാൻ നിവൃത്തിയില്ല.

(ബഹളം)

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, കാസ്റ്റിംഗ് വോട്ടിനെക്കുറിച്ചല്ല പറയുന്നത്. സ്പീക്കറുടെ കാസ്റ്റിംഗ് വോട്ട് ഗവൺമെന്റിന് പിൻതുണയായി പ്രഖ്യാപിക്കാമോ എന്നതിനെ സംബന്ധിച്ചാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട രാധാകൃഷ്ണൻ അവിടെ ഇരിക്കണം. ഇവിടെ ഈകാര്യത്തെക്കുറിച്ച് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. റ്റി. കെ. രാമകൃഷ്ണൻ : എന്താണെന്ന് അദ്ദേഹം പറയട്ടെ. ഒരു മെമ്പറുടെ അവകാശമാണ്.

LIBRARY ARCHIVES Kerala Legislative Assembly